ക്ലയന്റിന്റെ പേര്	ACES ഐഡി നമ്പർ

Home and Community Living Administration, Developmental Disabilities Administration

എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ നിങ്ങൾക്ക് ലഭിക്കുമ്പോഴുള്ള നിങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

Your Rights and Responsibilities When You Receive Services Offered by Home and Community Living Administration and Developmental Disabilities Administration

ലഭ്യമായ സേവനങ്ങൾ

നിങ്ങൾക്ക് ലഭിക്കുന്നതിന് യോഗ്യതയുള്ള സേവനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കാനുള്ള അവകാശം നിങ്ങൾക്കുണ്ട്. സേവനങ്ങൾ സ്വമേധയാ ഉള്ളതാണ്. Home and Community Living Administration, Developmental Disabilities Administration എന്നിവയ്ക്ക് പണം നൽകാൻ കഴിയുന്ന സേവനങ്ങൾ നിങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും നിങ്ങളെ സഹായിച്ചേക്കില്ല.

HCLA, DDA എന്നിവ ഇനിപ്പറയുന്നവയിൽ സേവനങ്ങൾ നൽകുന്നു:

- ഒരു അഡൽറ്റ് ഫാമിലി ഹോം, അസിസ്റ്റഡ് ലിവിംഗ് ഫെസിലിറ്റി, എൻഹാൻസ്ഡ് സർവീസസ് ഫെസിലിറ്റി, നഴ്സിംഗ് ഫെസിലിറ്റി, ICF/ID-കൾ, കമ്പാനിയൻ ഹോം, ചിൽഡ്രൻസ് ഫോസ്റ്റർ ഹോം, ചിൽഡ്രൻസ് ലൈസൻസ്ഡ് സ്റ്റാഫ്ഡ് റെസിഡൻഷ്യൽ ഹോം; DDA ഗ്രൂപ്പ് ഹോമുകൾ, ഗ്രൂപ്പ് ട്രെയിനിംഗ് ഹോമുകൾ; അല്ലെങ്കിൽ
- ഒരു വ്യക്തിയുടെ സ്വന്തം വീട്. **ശ്രദ്ധിക്കുക:** HCLA, DDA എന്നിവ ഒരു വ്യക്തിയുടെ സ്വന്തം വീട്ടിൽ പണം നൽകിയുള്ള 24 മണിക്കൂർ/പ്രതിദിന വ്യക്തിഗത പരിചരണ സേവനങ്ങൾ നൽകുന്നില്ല. 24 മണിക്കൂർ പരിചരണം ആവശ്യമാണെങ്കിൽ, മറ്റ് സേവന ഓപ്ഷനുകൾ പരിഗണിക്കാവുന്നതാണ്.

നിങ്ങളുടെ ഏരിയ ഏജൻസി ഓൺ ഏജിംഗ് കേസ് മാനേജർ, DDA കേസ് റിസോഴ്സ് മാനേജർ, നഴ്സ് കെയർ കൺസൾട്ടന്റ്, കെയർ കൺസൾട്ടന്റ്, ഹോം ആൻഡ് കമ്മ്യൂണിറ്റി സർവീസസ് സോഷ്യൽ സർവീസ് സ്പെഷ്യലിസ്റ്റ്, അല്ലെങ്കിൽ HCS നഴ്സിംഗ് ഫെസിലിറ്റി കേസ് മാനേജർ എന്നിവരെ ഈ രേഖയിൽ **കേസ് വർക്കർ** എന്ന് വിളിക്കുന്നു.

നിങ്ങളുടെ അവകാശങ്ങൾ

നിങ്ങൾക്ക് ഇനിപ്പറയുന്നവയ്ക്ക് അവകാശമുണ്ട്:

- മാന്യതയോടെയും ബഹുമാനത്തോടെയും വിവേചനരഹിതമായും പരിഗണിക്കപ്പെടുക;
- നിങ്ങളുടെ വസ്തുവകകൾ മാന്യമായി കൈകാര്യം ചെയ്യപ്പെടുക;
- നിങ്ങളുടെ പരിചരണം ആസൂത്രണം ചെയ്യുന്നതിൽ നിങ്ങളുടെ കേസ് വർക്കറുമായി പങ്കാളിത്തത്തിൽ പ്രവർത്തിക്കുക;
- നിങ്ങൾക്ക് ഇംഗ്ലീഷ് നന്നായി സംസാരിക്കാനോ മനസ്സിലാക്കാനോ കഴിയുന്നില്ലെങ്കിൽ സൗജന്യമായി ദ്വിഭാഷി സേവനങ്ങൾ ലഭ്യമാക്കുക;
- നിയമങ്ങളുടെയും DSHS ചട്ടങ്ങളുടെയും പരിധിക്കുള്ളിൽ നിങ്ങളെ സംബന്ധിച്ച വിവരങ്ങൾ സ്വകാര്യമായി സൂക്ഷിക്കപ്പെടുക;
- ചോദ്യങ്ങൾക്ക് ഉത്തരം നൽകാനോ നിങ്ങൾക്ക് താൽപ്പര്യമില്ലാത്ത എന്തെങ്കിലും ചെയ്യാനോ നിർബന്ധിക്കപ്പെടാതിരിക്കുക;
- നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയുന്ന എല്ലാ സേവനങ്ങളെ കുറിച്ചും അറിയുകയും നിങ്ങൾക്ക് താൽപ്പര്യമുള്ള അല്ലെങ്കിൽ താൽപ്പര്യമില്ലാത്ത സേവനങ്ങളെ കുറിച്ചുള്ള തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്യുക;
- ഏജൻസിയുടെ തീരുമാനങ്ങൾ രേഖാമൂലം അറിയിക്കുകയും നിങ്ങളുടെ പരിചരണ പ്ലാനിന്റെ അല്ലെങ്കിൽ പിന്തുണാ പ്ലാനിന്റെ ഒരു സംഗ്രഹ പകർപ്പ് സ്വീകരിക്കുകയും ചെയ്യുക;
- എല്ലാ സേവനങ്ങളും നിരസിക്കുക;
- യോഗ്യതയുള്ള ഒരു ദാതാവിനെ തിരഞ്ഞെടുക്കുക, പിരിച്ചുവിടുക, അല്ലെങ്കിൽ മാറ്റുക;
- നിങ്ങൾ തിരഞ്ഞെടുക്കുന്ന ഏതൊരു വ്യക്തിഗത ദാതാവിന്റെയും പശ്ചാത്തല പരിശോധനയുടെ ഫലങ്ങൾ സ്വീകരിക്കുക;
- നിങ്ങളും നിങ്ങളുടെ കേസ് വർക്കറും തമ്മിൽ യോജിക്കുന്നില്ലെങ്കിൽ ഒരു സൂപ്പർവൈസറുമായി സംസാരിക്കുക;
- നിങ്ങളുടെ കെയർ പ്ലാനിംഗ് പ്രക്രിയ, കെയർ പ്ലാൻ, സേവനങ്ങൾ, അല്ലെങ്കിൽ നിങ്ങളുടെ ഭവന, കമ്മ്യൂണിറ്റി അധിഷ്ഠിത പശ്ചാത്തലത്തിൽ നിങ്ങൾക്ക് അത്യാപേക്ഷിയുള്ള മറ്റെന്തെങ്കിലും കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്റ്റേറ്റിനെയോ ദാതാവിനെയോ പ്രവർത്തനത്തെക്കുറിച്ച് ഏത് സമയത്തും ഒരു പരാതിയോ ആശങ്കയോ ഫയൽ ചെയ്യുക. പ്രതികാര നടപടികൾ ഭയക്കാതെ പരാതി നൽകാൻ നിങ്ങൾക്ക് അവകാശമുണ്ട്. 1-800-737-0617 എന്ന നമ്പറിൽ വിളിച്ചോ, grievances@dshs.wa.gov എന്ന വിലാസത്തിൽ ഇമെയിൽ അയച്ചോ, അല്ലെങ്കിൽ ഒരു പരാതി എങ്ങനെ ഫയൽ ചെയ്യണം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ഏതെങ്കിലും DDA അല്ലെങ്കിൽ HCLA ജീവനക്കാരോട് ചോദിച്ചോ നിങ്ങൾക്ക് ഒരു പരാതിയോ ആശങ്കയോ സമർപ്പിക്കാം;
- നിങ്ങൾ ഒരു പരാതി നൽകിയിട്ടുണ്ടെങ്കിൽ കൂടിയും ഒരു അഡ്മിനിസ്ട്രേറ്റീവ് ഹിയറിംഗ് അഭ്യർത്ഥിക്കുക;
- നിങ്ങൾ ഒരു അഡ്മിനിസ്ട്രേറ്റീവ് ഹിയറിംഗിന് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിൽ കൂടിയും ഏതെങ്കിലും തരത്തിലുള്ള ഉപദ്രവമുണ്ടാകുന്നതിനെ ഭയക്കാതെ പരാതി നൽകുക;
- 1-888-201-1014 എന്ന നമ്പറിൽ വിളിച്ച് ഒരു അഭിഭാഷകനുമായി സംസാരിക്കുക; ഒപ്പം
- അധിക്ഷേപിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യാതിരിക്കുക. ഈ പദങ്ങളുടെ വിവരണത്തിന്, സന്ദർശിക്കുക: https://www.dshs.wa.gov/altsa/home-and-community-services/types-and-signs-abuse. നിങ്ങളോ നിങ്ങൾക്കറിയാവുന്ന മറ്റാരെങ്കിലുമോ അധിക്ഷേപിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ, നിങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരു വർക്കറുമായി സംസാരിക്കുന്നതിന് ദയവായി 1-866 (End Harm) /1-866-363-4276 എന്ന ടോൾ ഫ്രീ നമ്പറിൽ DSHS-നെ വിളിക്കുക.

Barcode label

16172

ക്ലയന്റിന്റെ പേര്	ACES ഐഡി നമ്പർ

നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ

നിങ്ങൾക്ക് ഇനിപ്പറയുന്ന ഉത്തരവാദിത്തങ്ങളുണ്ട്:

- നിങ്ങൾക്ക് സൗകര്യപ്രദമായ ഒരു സ്ഥലത്ത് വർഷത്തിൽ ഒരിക്കലെങ്കിലും നിങ്ങളുടെ വിലയിരുത്തൽ പൂർത്തിയാക്കാൻ കേസ് വർക്കറെ അനുവദിക്കുക;
- വർഷത്തിൽ ഒരിക്കലെങ്കിലും നിങ്ങളുടെ ജീവിതാന്തരീക്ഷം കാണാൻ കേസ് വർക്കറെ അനുവദിക്കുക;
- നിങ്ങളുടെ വിലയിരുത്തൽ പൂർത്തിയാക്കാനും നിങ്ങളുടെ പരിചരണ പ്ലാനിന്റെ ഏകോപനത്തിന് സഹായിക്കാനും മതിയായ വിവരങ്ങൾ ഞങ്ങൾക്ക് നൽകുക;
- നിങ്ങൾക്ക് വേണ്ടി മറ്റാരെങ്കിലും മെഡിക്കൽ അല്ലെങ്കിൽ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിൽ, നിങ്ങളുടെ കേസ് വർക്കറോട് പറയുക;
- നിങ്ങളുടെ പരിചരണ പ്ലാൻ അല്ലെങ്കിൽ പിന്തുണാ പ്ലാൻ തയ്യാറാക്കുന്നതിൽ പങ്കെടുക്കുക, അതിൽ ഒപ്പിടുക;
- നിങ്ങളുടെ കേസ് വർക്കറുമായി കൃത്യസമയത്ത് ആശയവിനിമയം നടത്തുകയും പ്രതികരിക്കുകയും ചെയ്യുക;
- നിങ്ങളുടെ സ്വന്തം ആരോഗ്യ പരിചരണം തിരഞ്ഞെടുക്കുക;
- യോഗ്യതയുള്ള ഒരു ദാതാവിനെ തിരഞ്ഞെടുക്കുക;
- ദാതാവിന്റെ പശ്ചാത്തല പരിശോധനകൾ സ്വകാര്യമായി സൂക്ഷിക്കുക;
- അംഗീകൃതമല്ലാത്ത സേവനങ്ങൾക്കോ മണിക്കൂറുകൾക്കോ നിങ്ങളുടെ ദാതാവിന് പണം ലഭിക്കില്ല എന്ന് മനസ്സിലാക്കുക;
- നിങ്ങളുടെ ദാതാവുമായി നിങ്ങൾക്ക് പ്രശ്നങ്ങൾ ഉണ്ടെങ്കിലോ അല്ലെങ്കിൽ നിങ്ങളുടെ ദാതാവ് അവകാശപ്പെടുന്ന സമയങ്ങൾക്കനുസരിച്ചുള്ള സേവനം നിങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിലോ, നിങ്ങളുടെ കേസ് വർക്കറോട് പറയുക;
- നിങ്ങളുടെ പരിചരണത്തിന് പണം നൽകാൻ നിങ്ങൾ സഹായിക്കുന്നുണ്ടെങ്കിൽ, എല്ലാ മാസവും നിങ്ങളുടെ ദാതാവിന് പണം നൽകുക;
- സുരക്ഷിതമായ ഒരു തൊഴിലിടം നൽകുക;
- ആരെയും അപകടത്തിലാക്കുന്ന രീതിയിൽ പ്രവർത്തിക്കാതിരിക്കുക;
- നിങ്ങളുടെ വ്യക്തിഗത പരിചരണ ദാതാവിനൊപ്പം നിങ്ങൾ വാഷിംഗ്ടൺ സ്റ്റേറ്റിന് പുറത്തേക്ക് യാത്ര ചെയ്യുകയാണെങ്കിൽ, പോകുന്നതിന് മുമ്പ് നിങ്ങളുടെ കേസ് വർക്കറോട് പറയുക; ഒപ്പം
- ഇനിപ്പറയുന്നവയിൽ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ നിങ്ങളുടെ കേസ് വർക്കറോട് പറയുക:
  - ✓ നിങ്ങളുടെ ആരോഗ്യനില;
  - ✓ കുടുംബത്തിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ നിങ്ങൾക്ക് ലഭിക്കുന്ന സഹായം;
  - ✓ നിങ്ങളുടെ സാമ്പത്തിക സ്ഥിതി;
  - ✓ നിങ്ങൾക്ക് പരിചരണം ലഭിക്കുന്ന സ്ഥലം;
  - ✓ വാഷിംഗ്ടൺ സ്റ്റേറ്റിൽ നിങ്ങൾ താമസിക്കുന്ന സ്ഥലം; അല്ലെങ്കിൽ
  - ✓ നിങ്ങളുടെ താമസസ്ഥലം – നിങ്ങൾ താമസം മാറാൻ പദ്ധതിയിടുന്നു, അല്ലെങ്കിൽ നിങ്ങൾ ഇപ്പോൾ വാഷിംഗ്ടൺ സ്റ്റേറ്റിന് പുറത്താണ് താമസിക്കുന്നത്.

കേസ് വർക്കറുടെ ഉത്തരവാദിത്തങ്ങൾ

നിങ്ങളുടെ കേസ് വർക്കർക്ക് ഇനിപ്പറയുന്ന ഉത്തരവാദിത്തങ്ങളുണ്ട്:

- നിങ്ങളോട് അന്തസ്സോടെയും ആദരവോടെയും പെരുമാറുക;
- നിങ്ങളുടെ സ്വകാര്യത കാത്തുസൂക്ഷിക്കുക;
- HCLA, DDA എന്നിവയ്ക്ക് നിങ്ങൾക്കായി എന്തുചെയ്യാൻ കഴിയും അല്ലെങ്കിൽ കഴിയില്ല എന്ന് നിങ്ങളോട് പറയുക;
- നിങ്ങളുടെ സഹായത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും നിങ്ങൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് തീരുമാനിക്കുന്നതിനുമുള്ള ഒരു വിലയിരുത്തൽ നടത്താൻ നിങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുക;
  - ✓ വിലയിരുത്തലിൽ നിങ്ങളുടെ കഴിവുകൾ, പരിമിതികൾ, ലക്ഷ്യങ്ങൾ, മുൻഗണനകൾ എന്നിവ ഉൾപ്പെടും;
  - ✓ ഈ വിലയിരുത്തലിൽ നിങ്ങൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതോ കുടുംബത്തിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ലഭിക്കാവുന്നതോ ആയ സഹായങ്ങളും, നിങ്ങൾക്ക് ഈ സേവനങ്ങൾ എങ്ങനെ ചെയ്തു കിട്ടണം എന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഉൾപ്പെടും;
- വ്യക്തിഗത പരിചരണത്തിനുള്ള സഹായം പരിഗണിക്കുന്നതും വ്യക്തിഗത ലക്ഷ്യങ്ങൾ, മുൻഗണനകൾ, തിരഞ്ഞെടുപ്പുകൾ എന്നിവ ഉൾപ്പെടുന്നതുമായ പരിചരണ പ്ലാൻ അല്ലെങ്കിൽ പിന്തുണാ പ്ലാൻ രൂപപ്പെടുത്തുന്നതിൽ നിങ്ങളെ സഹായിക്കുക;
- എല്ലാ വർഷവും അല്ലെങ്കിൽ നിങ്ങളുടെ സാഹചര്യം മാറുമ്പോൾ നിങ്ങളുടെ പരിചരണ പ്ലാൻ അല്ലെങ്കിൽ പിന്തുണാ പ്ലാൻ അപ്ഡേറ്റ് ചെയ്യുന്നതിന് നിങ്ങളിൽ നിന്നും മറ്റുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുക;
- ആവശ്യമായ വിവരങ്ങൾ നൽകാൻ നിങ്ങൾക്ക് മതിയായ സമയം അനുവദിക്കുക;
- നിങ്ങളുടെ പരിചരണ പ്ലാനിലോ പിന്തുണാ പ്ലാനിലോ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കുക;
- നിങ്ങൾക്ക് മാനസികമായോ ന്യൂറോളജിക്കലായോ ഇന്ദ്രിയപരമായോ ശാരീരികമായോ ഉള്ള വൈകല്യങ്ങളുണ്ടെങ്കിൽ നിങ്ങളുടെ അവകാശങ്ങളെ മാനിക്കുകയും സേവനങ്ങൾ ആക്സസ് ചെയ്യുന്നതിന് കൂടുതൽ സഹായം നൽകുകയും ചെയ്യുക; കൂടാതെ
- നിങ്ങൾക്ക് ഒരു ദാതാവിനെ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, യോഗ്യതയുള്ള ഒരാളെ കണ്ടെത്താൻ നിങ്ങളെ സഹായിക്കുക.

Barcode label

16172

ക്ലയന്റിന്റെ പേര്	ACES ഐഡി നമ്പർ

മുൻകൂർ നിർദ്ദേശങ്ങൾ

മുൻകൂർ നിർദ്ദേശങ്ങൾ നൽകുന്നതിന് നിങ്ങൾക്ക് അവകാശമുണ്ട്. നിങ്ങളുടെ ആരോഗ്യപരിരക്ഷയ്ക്കായുള്ള ലിവിംഗ് വിൽ അഥവാ ഡ്യൂറബിൾ പവർ ഓഫ് അറ്റോർണി എന്നിവ മുൻകൂർ നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടേക്കാം. തീരുമാനങ്ങൾ എടുക്കുന്നതിനുള്ള മാനസികമായ പ്രാപ്തി നിങ്ങൾക്കില്ലാത്തപ്പോൾ മെഡിക്കൽ, മാനസികാരോഗ്യം, അല്ലെങ്കിൽ ശസ്ത്രക്രിയാ ചികിത്സ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അവകാശം ഉൾപ്പെടെ, മെഡിക്കൽ ഒപ്പം/അല്ലെങ്കിൽ മാനസികാരോഗ്യ പരിചരണത്തെ കുറിച്ചുള്ള നിങ്ങളുടെ താൽപ്പര്യങ്ങളെ മുൻകൂർ നിർദ്ദേശങ്ങൾ സംഗ്രഹിക്കുന്നു. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും നിങ്ങളുടെ മുൻകൂർ നിർദ്ദേശങ്ങൾ അസാധുവാക്കാവുന്നതാണ്.

വോട്ടർ രജിസ്ട്രേഷൻ സേവനം

1993-ലെ നാഷണൽ വോട്ടർ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം എല്ലാ സംസ്ഥാനങ്ങളും അവരുടെ പബ്ലിക്ക് അസിസ്റ്റൻസ് ഓഫീസുകൾ വഴി വോട്ടർ രജിസ്ട്രേഷൻ സഹായം നൽകേണ്ടതുണ്ട്. വോട്ട് ചെയ്യാൻ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷിക്കുന്നതോ രജിസ്റ്റർ ചെയ്യാതിരിക്കുന്നതോ ഈ ഏജൻസി നിങ്ങൾക്ക് നൽകുന്ന സേവനങ്ങളെയോ ആനുകൂല്യങ്ങളുടെ അളവിനെയോ ബാധിക്കില്ല. വോട്ടർ രജിസ്ട്രേഷൻ ഫോം പൂരിപ്പിക്കുന്നതിന് നിങ്ങൾക്ക് സഹായം ആവശ്യമാണെങ്കിൽ, ഞങ്ങൾ നിങ്ങളെ സഹായിക്കും. രജിസ്റ്റർ ചെയ്യാനോ രജിസ്റ്റർ ചെയ്യുന്നത് നിരസിക്കാനോ ഉള്ള നിങ്ങളുടെ തീരുമാനം രഹസ്യാത്മകമായി സൂക്ഷിക്കുകയും വോട്ടർ രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുകയും ചെയ്യും. രജിസ്റ്റർ ചെയ്യാനോ രജിസ്റ്റർ ചെയ്യുന്നത് നിരസിക്കാനോ ഉള്ള നിങ്ങളുടെ അവകാശത്തിൽ, അല്ലെങ്കിൽ രജിസ്റ്റർ ചെയ്യണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിലോ വോട്ട് രജിസ്റ്റർ ചെയ്യാൻ അപേക്ഷിക്കുന്നതിലോ ഉള്ള നിങ്ങളുടെ സ്വകാര്യതയ്ക്കുള്ള അവകാശത്തിൽ, അല്ലെങ്കിൽ നിങ്ങളുടെ സ്വന്തം രാഷ്ട്രീയ പാർട്ടിയെയോ മറ്റ് രാഷ്ട്രീയ മുൻഗണനകളെയോ തിരഞ്ഞെടുക്കാനുള്ള നിങ്ങളുടെ അവകാശത്തിൽ ആരെങ്കിലും ഇടപെട്ടിട്ടുള്ളതായി നിങ്ങൾ കരുതുന്നുവെങ്കിൽ, നിങ്ങൾക്ക് ഇവിടെ ഒരു പരാതി ഫയൽ ചെയ്യാം:

Washington State Elections Office
PO Box 40229
Olympia WA 98504-0229
1-800-448-4881

നിങ്ങളുടെ ഒപ്പ്

നിങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും അതുപോലെ നിങ്ങളുടെ കേസ് വർക്കറുടെ ഉത്തരവാദിത്തങ്ങളും നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ താഴെ ഒപ്പിടുക.

ക്ലയന്റിന്റെ ഒപ്പ്	തീയതി
നിയമപരമായ പ്രതിനിധിയുടെ ഒപ്പ്	തീയതി

ഉപഭോക്താക്കൾക്കും ജീവനക്കാർക്കുമുള്ള അറിയിപ്പ് (Title VI ഉം VII ഉം), വാഷിംഗ്ടൺ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ ആൻഡ് ഹെൽത്ത് സർവീസസ് തുല്യ അവസരം നൽകുന്ന ഒരു തൊഴിൽദാതാവാണ്, കൂടാതെ തൊഴിലിന്റെയോ പ്രോഗ്രാമുകളുടെയോ സേവനങ്ങളുടെയോ യാതൊരു മേഖലകളിലും പ്രായം, ലിംഗം, ലൈംഗിക ചായ്വ്, ലിംഗഭേദം, ലിംഗ സ്വത്വം/ആവിഷ്കാരം, വൈവാഹിക സ്ഥിതി, വംശം, മതം, നിറം, ദേശീയ ഉത്ഭവം, മതം അല്ലെങ്കിൽ വിശ്വാസങ്ങൾ, രാഷ്ട്രീയ ബന്ധം, സൈനിക പദവി, ബഹുമാനപൂർവ്വം പിരിഞ്ഞുപോന്ന വെറ്ററൻ, വിയറ്റ്നാം യുദ്ധകാലത്തെ വെറ്ററൻ, അടുത്തിടെ സൈന്യത്തിൽ നിന്നും പിരിഞ്ഞതോ മറ്റ് പരിരക്ഷിത പദവിയുള്ളതോ ആയ വെറ്ററൻ, ഏതെങ്കിലും വിധത്തിലുള്ള ഇന്ദ്രിയ, മാനസിക, ശാരീരിക വൈകല്യങ്ങൾ, വൈകല്യമുള്ള ഒരാൾ പരിശീലനം ലഭിച്ച ഡോഗ് ഗൈഡിനെയോ സർവീസ് മൃഗത്തെയോ ഉപയോഗിക്കുന്നത്, തുല്യ വേതനം അല്ലെങ്കിൽ ജനിതക വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കുന്നില്ല.

Barcode label

16172

Home and Community Living Administration, Developmental Disabilities Administration എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ നിങ്ങൾക്ക് ലഭിക്കുമ്പോഴുള്ള നിങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

കേസ് വർക്കർക്കുള്ള നിർദ്ദേശങ്ങൾ

1. ക്ലയന്റിന്റെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ചുള്ള എന്തെങ്കിലും ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് ക്ലയന്റുമായി ചേർന്ന് ഫോം അവലോകനം ചെയ്യുക. പ്രാഥമിക CARE വിലയിരുത്തലിൽ ക്ലയന്റുമായി ചേർന്ന് അവലോകനം ചെയ്യുക (അല്ലെങ്കിൽ ഫോമിൽ ഒപ്പിട്ടിട്ടില്ലെങ്കിൽ സുപ്രധാന മാറ്റങ്ങൾ വരുത്തുമ്പോൾ/വാർഷിക വിലയിരുത്തലിൽ). ഒരു ഫോമിന്റെ അപ്ഡേറ്റ് ചെയ്ത പതിപ്പ് നിലവിലുണ്ടെങ്കിൽ, അപ്ഡേറ്റ് ചെയ്ത ഫോമിൽ ക്ലയന്റിനെക്കൊണ്ട് ഒപ്പിടുവിക്കുക. കേസ് വർക്കർ നൽകിയതും ക്ലയന്റ് ഒപ്പിട്ടതുമായ ഏറ്റവും പുതിയ ക്ലയന്റ് അവകാശങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും ഫോം മുമ്പ് ഒപ്പിട്ട ഫോമുകൾക്ക് പകരമായി നിലനിൽക്കുന്നതാണ്.
2. Home and Community Living Administration, Developmental Disabilities Administration എന്നിവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ ലഭിക്കുമ്പോഴുള്ള ക്ലയന്റിന്റെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും അവർ മനസ്സിലാക്കുന്നുവെന്ന് സൂചിപ്പിക്കുന്നതിന് ഫോമിന്റെ രണ്ട് പകർപ്പുകളിൽ ക്ലയന്റിനെയോ ക്ലയന്റിന്റെ പ്രതിനിധിയെയോക്കൊണ്ട് ഒപ്പിടുവിക്കുക.
3. ഒരു പകർപ്പ് ക്ലയന്റിന്റെ ഇലക്ട്രോണിക് കേസ് റെക്കോർഡിൽ ഫയൽ ചെയ്യുകയും ഇതര പകർപ്പ് ക്ലയന്റിന് നൽകുകയും ചെയ്യുക.